പിന്നാക്ക വിഭാഗ വികസന വകുപ്പ് ഡയറക്ടറുടെ കാര്യാലയം
അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ,
തിരുവനന്തപുരം -695003, ഫോൺ/ഫാക്സ് - 0471 2727379
ഇമെയിൽ - cru.bcddtvm@kerala.gov.in, വെബ്സൈറ്റ് -www.bcdd.kerala.gov.in

BCDIR/328/2021-B3 തീയതി :23/06/2021

ഭരണഭാഷ - മാതൃഭാഷ

Break the chain

## കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ സ്കീം - 2021-22

## വിജ്ഞാപനം

സാങ്കേതിക മേഖലയിൽ അഭ്യസ്തവിദ്യരായ പിന്നാക്ക വിഭാഗങ്ങളിൽ ഉൾപ്പെട്ട ഉദ്യോഗാർത്ഥികൾക്ക് സ്വകാര്യ മേഖലയിൽ തൊഴിൽ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനും , നൈപുണ്യ വികസനത്തിനുമായി പൊതു സ്വകാര്യ പങ്കാളിത്തത്തോടെ വാഹന നിർമ്മാണ വിപണന സർവ്വീസ് രംഗം, ഹോട്ടൽ വ്യവസായ രംഗം, ലോജിസ്റ്റിക്സ് രംഗം, പോളിമർ ഇൻഡസ്ട്രി എന്നീ മേഖലകളിൽ പരിശീലനം നൽകുന്നതിനായി പിന്നാക്ക വിഭാഗ വികസന വകുപ്പ് നടപ്പാക്കി വരുന്ന 'കരിയർ ഇൻ പ്രൈവറ്റ് ഇൻഡസ്ട്രി ത്രൂ പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ (2021-22)' എന്ന പദ്ധതിയുമായി സഹകരിക്കുവാനും വിജയകരമായി പരിശീലനം പൂർത്തിയാക്കുന്നവർക്ക് തൊഴിൽ ഉറപ്പ് നൽകുവാനും തയ്യാറുള്ള സ്വകാര്യ സംരംഭകരിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും താൽപ്പര്യ പത്രം ക്ഷണിക്കുന്നു. പരിശീലന കാലയളവ് 10 മാസമായിരിക്കും. ഒരു ഉദ്യോഗാർത്ഥിക്ക് സ്റ്റൈപ്പന്റ്, ട്യൂഷൻ ഫീ എന്നീ ഇനങ്ങളിലായി ആയി പ്രതിമാസം പരമാവധി 8000/- രൂപ അനുവദിക്കുന്നു. അപേക്ഷാ ഫാറം www.bcdd.kerala.gov.in എന്ന വെബ്സൈറ്റിൽ ലഭ്യമാണ് . താൽപ്പര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി - 20.07.2021

### സ്ഥാപനങ്ങൾക്കുള്ള നിർദ്ദേശങ്ങൾ

1. സ്ഥാപനത്തിന്റേയും വകുപ്പിന്റേയും പ്രതിനിധികളടങ്ങിയ സമിതിയായിരിക്കും ഉദ്യോഗാർത്ഥികളെ തെരഞ്ഞെടുക്കുന്നത് . ഈ പദ്ധതി പ്രകാരം സംസ്ഥാനത്തെ ഒ.ബി.സി പട്ടികയിൽ ഉൾപ്പെട്ട സമുദായങ്ങളിലെ ഉദ്യോഗാർത്ഥികൾക്ക് മാത്രമേ വകുപ്പിൽ നിന്നും ആനുകൂല്യം അനുവദിക്കുകയുള്ളൂ.
2. പരിശീലന സ്ഥാപനത്തിന് ഏറ്റവും കുറഞ്ഞത് 10 വർഷത്തെയെങ്കിലും പ്രവൃത്തി പരിചയമുണ്ടായിരിക്കണം. ബന്ധപ്പെട്ട മേഖലകളിൽ വ്യക്തി മുദ്ര പതിപ്പിച്ച സ്ഥാപന മായിരിക്കണം.
3. ഒരേ സമയം പത്തോ അതിലധികമോ പേര്ക്ക് പരിശീലനം നൽകുന്നതിന് സൗകര്യം ഉണ്ടായിരിക്കണം.
4. ബന്ധപ്പെട്ട മേഖലയിൽ ഐ .ടി.ഐ, ഡിപ്ലോമ, ബിരുദം, ബിരുദാനന്തര ബിരുദം എന്നിവയിൽ ഏതെങ്കിലും വിദ്യാഭ്യാസ യോഗ്യത ഉള്ളവരെയാണ് പരിശീലനത്തിന് തെരഞ്ഞെടുക്കുന്നത്.
5. സർക്കാർ/ അർദ്ധ സർക്കാർ / പൊതുമേഖലാ സ്ഥാപനങ്ങളുമായി സമാനമായ

പദ്ധതിയിൽ സഹകരിച്ചിട്ടുള്ള സ്ഥാപനങ്ങൾക്ക് മുൻഗണന നൽകുന്നതാണ്.

6. തിരഞ്ഞെടുക്കപ്പെടുന്ന പരിശീലനാര് ത്ഥികൾക്ക് പരമാവധി 10 മാസം വരെയുള്ള പരിശീലന കാലയളവിൽ പ്രതിമാസം പരമാവധി 8000/- രൂപ (4000/- രൂപ സ്റ്റൈപന്റ് + 4000 /- രൂപ സ്ഥാപനത്തിനുള്ള ട്രെയിനിംഗ് ഫീസ്) വീതം പരിശീലന ചെലവ് വകുപ്പിൽ നിന്ന് അനുവദിച്ച നൽകുന്നതാണ്.
7. പരിശീലനം വിജയകരമായി പൂർത്തിയാക്കിയവർക്ക് പദ്ധതിയുടെ വ്യവസ്ഥകൾ പ്രകാരം സ്വന്തം സ്ഥാപനത്തിലോ, സമാനസ്വഭാവമുള്ള ഇതര സ്ഥാപനങ്ങളിലോ ഭേദപ്പെട്ട തൊഴിൽ നൽകേണ്ടതാണ്. ഇതു സംബന്ധിച്ച് സ്ഥാപനം സർക്കാരുമായും പരിശീലനാർത്ഥിയുമായും നിശ്ചിത മാതൃകയിൽ ധാരണാപത്രം ഒപ്പ വയ്ക്കേണ്ടതാണ്.
8. ഓരോ മാസവും അഞ്ചാം തീയതിക്ക് മുമ്പായി പരിശീലനവുമായി ബന്ധപ്പെട്ട് സ്ഥാപനം നൽകുന്ന മുൻമാസത്തെ ഹാജരിന്റേയും, ശിപാർശയുടെയും അടിസ്ഥാനത്തിലായിരിക്കും ഉദ്യോഗാർത്ഥികൾക്ക് സ്റ്റൈപ്പന്റ് അനുവദിക്കുന്നത്.
9. ട്രെയിനിങ് ഫീസ് സ്ഥാപനത്തിന്റെ ബാങ്ക് അക്കൗണ്ടിലേക്ക് അനുവദിക്കുന്നതാണ്.
10. താൽപ്പര്യപത്രം സ്വീകരിക്കുന്ന അവസാന തീയതി 20.07.2021
11. പദ്ധതിയുമായി സഹകരിക്കാൻ താൽപ്പര്യമുള്ള സ്ഥാപനങ്ങള് വിജ്ഞാപനത്തിന്റെ അനുബന്ധമായി ചേർത്തിട്ടുള്ള മാതൃകാഫാറം പൂരിപ്പിച്ച് സ്ഥാപന മേധാവിയുടെ ഒപ്പം , സീലും പതിച്ച്, സ്ഥാപനത്തിന്റെ പ്രവർത്തനം സംബന്ധിച്ച ബ്രോഷറോ , ഇതര രേഖകളോ സഹിതം ഡയറക്ടർ, പിന്നാക്ക വിഭാഗ വികസന വകുപ്പ്, നാലാം നില, അയ്യൻകാളി ഭവൻ, കനകനഗർ, വെള്ളയമ്പലം, കവടിയാർ പി.ഒ, തിരുവനന്തപുരം - 695003 എന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മാർഗ്ഗമോ ലഭ്യമാക്കേണ്ടതാണ്.

വിശദാംശങ്ങള്ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പിന്റെ മേഖലാ ആഫീസുകളുമായി ചുവടെ പറയുന്ന ഫോൺ നമ്പരുകളിൽ ബന്ധപ്പെടാവുന്നതാണ്.

എറണാകുളം മേഖലാ ആഫീസ് - 0484 2429130

കോഴിക്കോട് മേഖലാ ആഫീസ് - 0495 2377786

(ഒപ്പ്)
ഡയറക്ടർ
പിന്നാക്ക വിഭാഗ വികസന വകുപ്പ്

പകർപ്പ് :-

1. ഗവ. പ്രിൻസിപ്പൽ സെക്രട്ടറി, പി.വി.വി.വ (ഉപരിപത്രം സഹിതം)
2. ഡയറക്ടർ, വിവര പൊതുജന സമ്പർക്ക വകുപ്പ് (ഉപരിപത്രം സഹിതം)
3. മേഖലാ ഡെപ്യൂട്ടി ഡയറക്ടർ, പി.വി.വി.വ - എറണാകുളം/കോഴിക്കോട്
4. ഐ.ടി ഡിവിഷൻ കോർഡിനേറ്റർ, പി.വി.വി.വ (വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)
5. കരുതൽ /അധികം

CLASSES DEVELOPMENT DEPARTMENT ★ DIRECTORATE
Thiruvananthapuram 695 003